സാംസ്ക്കാരിക പ്രവർത്തനങ്ങൾ, കോളേജ് യൂണിയന്റെ തെരഞ്ഞെടുപ്പ്, ആർട്സ് ഫെസ്റ്റിവെൽ ഇവയൊക്കെ യു.ജി.സി. നിർദ്ദേശപ്രകാരമാണ് തീരുമാനിച്ചിട്ടുള്ളത്. ഇത് യു.ജി.സി. യുടെ നിർദ്ദേശമനുസരിച്ച് നടപ്പിലാക്കും. എന്തായാലും യു.ജി.സി. നിർദ്ദേശമനുസരിച്ചുള്ള നിബന്ധനകൾ മാത്രമേ പാലിക്കൂ. അദ്ധ്യാപകർ കുറവാണ് വരുന്നതെങ്കിൽ അതിനുശേഷം വരുന്ന ശനിയാഴ്ചകളും അദ്ധ്യയന ദിവസങ്ങളായി പ്രിൻസിപ്പാൾ പ്രഖ്യാപിക്കേണ്ടതാണ്. അടുത്ത അദ്ധ്യയന വർഷം മുതൽ മുകളിൽ പരാമർശിക്കപ്പെട്ട പ്രകാരം നഷ്ടപ്പെടുന്ന അദ്ധ്യയന ദിവസങ്ങൾക്ക് പകരമായി അടുത്ത് വരുന്ന ശനിയാഴ്ചകളിൽ അദ്ധ്യയനം നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കോളേജുകളിലും ഇലക്ട്രോണിക് പഞ്ചിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 21-12-1999-ലെ സർക്കാർ ഉത്തരവിൽ യു.ജി.സി. നിർദ്ദേശിച്ച പ്രകാരം ഖണ്ഡിക 15 (7)-ൽ ആഴ്ചയിൽ 6 ദിവസം അദ്ധ്യയനം വേണമെന്ന് നിഷ്ക്കർഷിച്ചിരുന്നു. ഇതിനെതിരായി സംസ്ഥാനത്തെ അദ്ധ്യാപകർ ശനിയാഴ്ച ദിവസം ക്ലാസ്സെടുക്കുന്നതിൽ നിന്ന് വിട്ടു നിൽക്കുകയുണ്ടായി. അങ്ങനെയുള്ള അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞുവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ ചില അദ്ധ്യാപക സംഘടനകൾ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2-3-2000-ലെ ജി.ഒ.പ്രകാരം ഈ ശമ്പളം താല്ക്കാലികമായി വിതരണം ചെയ്യണമെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. യു.ജി.സി. ശമ്പള പരിഷ്ക്കരണത്തോടൊപ്പം വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണ് യു.ജി.സി. വിവിധ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയാൽ മാത്രമേ കേന്ദ്ര സഹായം ഈ കാര്യത്തിൽ കിട്ടുകയുള്ളൂ.

(8) വരാപ്പുഴ പാലത്തിന്റെ പണിയോടൊപ്പം റോഡു പണികൂടി പൂർത്തീകരിക്കൽ

ശ്രീ. പി. രാജു : സർ, 438 കി.മീറ്റർ ദൂരം വരുന്നതും മഹാരാഷ്ട്രയിലെ പനവേലിയിൽ നിന്നും ആരംഭിക്കുന്നതും എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിലെ എൻ.എച്ച്. 47-ൽ സന്ധിക്കുന്നതുമായ എൻ.എച്ച്. 17-ന്റെ പ്രഖ്യാപനം കേന്ദ്ര സർക്കാർ നടത്തിയിട്ട് കാൽ നൂറ്റാണ്ടുകളാകാൻ പോകുകയാണ്. എൻ. എച്ച്.17-ലെ വരാപ്പുഴ പാലത്തിന്റെ പണി അന്ത്യഘട്ടത്തിലാണ്. പാലം പണി പൂർത്തിയാക്കുന്നതോടുകൂടി വാഹന ഗതാഗതം വർദ്ധിക്കും. എറണാകുളം ജില്ലയിൽ 24 കി.മീറ്ററാണ് എൻ.എച്ച്. 17-ന് വേണ്ടി അക്വിസിഷൻ നടത്തി പണി പൂർത്തീകരിക്കേണ്ടത്. അതിൽ ഏകദേശം 15 കി.മീറ്ററിന്റെ ലാന്റ് അക്വിസിഷൻ കഴിഞ്ഞു. അവിടെ വീടുകൾ പൊളിച്ചുമാറ്റി, വൃക്ഷങ്ങൾ വെട്ടിമാറ്റിയിട്ടുണ്ട്. എന്നാൽ റോഡിന്റെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല. ബാക്കിയുള്ള 9 കി.മീറ്റർ ദൂരം (പറവൂർ, ആലുവ, തൃപ്പൂണിത്തുറ നിയോജക മണ്ഡലങ്ങളുൾപ്പെടെ വരുന്ന പ്രദേശങ്ങൾ) മൂന്ന് നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെടുത്തുന്ന 9 കി.മീറ്റർ ദൂരം റോഡിന്റെ അക്വിസിഷൻ ഇതുവരെ പൂർത്തീകരിച്ചില്ല. വരാപ്പുഴ പാലം പണി പൂർത്തീകരണ ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. രണ്ട് സ്പാനിന്റെ കൂടി പണി കഴിഞ്ഞാൽ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട എൻ.എച്ച്. 17-ന്റെ പണി പൂർത്തീകരിക്കപ്പെടുകയാണ്. അതുകൊണ്ട് ആ പാലം പണി പൂർത്തീകരിക്കുന്നതോടൊപ്പം എൻ.എച്ച്.17 സഞ്ചാര യോഗ്യമാക്കുന്നതിനാവശ്യമായ 9 കി.മീറ്റർ ദൂരം കൂടി ഏറ്റവും വേഗം അക്വിസിഷൻ പൂർത്തീകരിച്ച് 24 കി.മീറ്റർ റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, മഹാരാഷ്ട്രയിലെ പനവേലിയിൽ നിന്നാരംഭിച്ച് ഇടപ്പള്ളിയിൽ അവസാനിക്കുന്ന എൻ.എച്ച് 17-ന്റെ മംഗലപുരം ഇടപ്പള്ളി ഭാഗത്ത് 18/50 തലപ്പാടി മുതൽ 438/827 ഇടപ്പള്ളിവരെ കേരളത്തിലൂടെ കടന്നുപോകുന്ന 420.8 കി.മീറ്റർ നീളത്തിൽ ഏകദേശം 22 കി. മീറ്റർ ദൂരം റോഡ് മാത്രമേ രണ്ടുവരി നിലവാരത്തിൽ നിർമ്മിച്ചിട്ടുള്ളൂ. ഏതാനും പാലങ്ങളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 413/800 മുതൽ 438/827 വരെയുള്ള ഭാഗമാണ് എറണാകുളം ജില്ലയിലൂടെ കടന്നുപോകുന്നത്. ഇതിൽ ചെറിയ പാലത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. മൂത്തകുന്നം, വരാപ്പുഴ എന്നീ പാലങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. മൂത്തകുന്നം മുതൽ ചെറിയപള്ളി വരെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ട്. ചെറിയപള്ളി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി നടന്നുവരുന്നു. അവിടെ ഇടപ്പള്ളിവരെ പാലവും അപ്രോച്ച് റോഡും ഒഴിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 13.29 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല വകുപ്പിന് അനുമതിക്കായി അയച്ചിട്ടുണ്ട്. കേന്ദ്ര ഉപരിതല വകുപ്പ് അനുമതിയും ഫണ്ടും നൽകുന്ന മുറയ്ക്കാണ് സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ദേശീയ പാതാ വിഭാഗം പണികൾ ഏറ്റെടുത്ത് നടത്തുന്നത്.

(9) ഷോപ്പിംഗ് കോപ്ലക്സുകൾ വാടകയ്ക്ക് നൽകുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 10% സംവരണം ഉറപ്പാക്കണമെന്ന ആവശ്യം

ശ്രീ. പി. കെ. കുമാരൻ : സർ, നമ്മുടെ സംസ്ഥാനത്തിന്റെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദേവസ്വം ബോർഡ്, വികസന അതോറിറ്റികൾ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങൾ ഷോപ്പിംഗ് കോപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുന്നുണ്ട്. ഇത്തരം ഷോപ്പിംഗ് കോംപ്ലക്സുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കുംതന്നെ മുറികൾ കൊടുക്കുന്നില്ല. സമൂഹത്തിലെ സാമ്പത്തിക ശേഷിയുള്ളവരുമായി മൽസരിച്ച് വാടക കൊടുത്തും ഡെപ്പോസിറ്റ് കൊടുത്തും മുറിയെടുക്കാനുള്ള ശേഷി പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്കില്ല. തിരുവനന്തപുരത്ത് ട്രിഡയിൽതന്നെ ഒരു മുറി ഒരാൾക്ക് അനുവദിച്ചു. പതിനയ്യായിരം രൂപ അടയ്ക്കുകയും ചെയ്തു. ബാക്കി ഡെപ്പോസിറ്റ് കൊടുക്കാത്തതിന്റെ ഫലമായി പതിനയ്യായിരം രൂപയുമെടുത്തു. ഇപ്പോൾ മുറിയുമില്ല. അതുകൊണ്ട് ഞാൻ വളരെ വിനയപൂർവ്വം അപേക്ഷിക്കുന്നത് മുകളിൽ പറഞ്ഞ സ്ഥാപനങ്ങൾ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകൊടുക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 10% മുറികൾ റിസർവ്വുചെയ്യുകയും അവർക്ക് ഡെപ്പോസിറ്റ് ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly